**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3257** **13-07-2022 - ൽ മറുപടിയ്ക്ക്**

**അനധികൃത തോട്ടം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അനധികൃതമായി കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമി തിരികെ പിടിക്കുന്നതിന് സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഹാരിസൺ മലയാളം പ്ലാൻറ്റേഷൻ ഉൾപ്പെടെയുള്ള വിദേശ കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമി തിരികെ പിടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സ്വാതന്ത്ര്യത്തിന് മുമ്പ് തിരുവിതാംകൂർ, കൊച്ചി ഭരണാധികാരികൾ വിദേശ കമ്പനികൾക്കും പൗരൻമാർക്കും, തദ്ദേശീയർക്കും കർശന വ്യവസ്ഥകളോടെ പാട്ടമായും, ഗ്രാന്റായും നൽകിയ ഭൂമിയിലും, സ്വകാര്യ പാട്ട ഭൂമിയിലും യാതൊരുവിധ ഉടമസ്ഥതയും സ്ഥാപിക്കാതെ 1984ൽ നിലവിൽ വന്ന ഹാരിസൺസ് മലയാള ലിമിറ്റഡ് 1985, 2004, 2005 വർഷങ്ങളിൽ ആയിരക്കണക്കിനേക്കർ ഭൂമി വിൽപ്പന നടത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. തുടർന്ന് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്ത് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ഉന്നതാധികാര സമതി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി ഹാരിസൺസ് കമ്പനി 76,769.8( ഏക്കർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു.ഉന്നതാധികാര സമിതിയുടെ ശുപാർശകൾ പരിശോധിച്ച് സർക്കാരിന് നിയമോപദേശം നൽകുന്നതിനായി ചുമതലപ്പെടുത്തിയ കമ്മീഷൻ ഭൂപരിഷ്കരണ നിയമം, സർക്കാർ ഉടമ്പടികളിലെ വ്യവസ്ഥകൾ എന്നിവ ലംഘിച്ച് അനധികൃതമായി |

ഹാരിസൺസ് കമ്പനിയും മറ്റുള്ളവരും യാതൊരുവിധ ഉടമസ്ഥതയും കൂടാതെ സർക്കാർ ഭൂമി കയ്യേറിയിട്ടുണ്ടെന്ന ഉന്നതാധികാര സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാമെന്ന് സർക്കാരിന് നിയമോപദേശം നൽകുകയുണ്ടായി.ഹാരിസൺസ് കമ്പനിയും, അവരിൽ നിന്ന് ഭൂമി നേടിയ മറ്റുള്ളവരും കൈവശം വയ്ക്കുന്ന രേഖകളും, റവന്യൂ രേഖകളും പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുന്നതിനു ചുമതലപ്പെടുത്തിയ സ്പെഷ്യൽ ടീം സമർപ്പിച്ച റിപ്പോർട്ടിൽ റവന്യൂ രേഖകളിൽ വൻതോതിൽ കൃത്രിമം നടത്തിയിട്ടുള്ളതായും, കേരള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമി അനധികൃതമായി ടി കമ്പനിയും, മറ്റുള്ളവരും കൈവശംവയ്ക്കുന്നതായും മറ്റ് ഇംഗ്ലീഷ് കമ്പനികളുടെയും, പൗരൻമാരുടെയും പേരുകളിൽ തണ്ടപ്പേർ പിടിച്ച നിലവിലെ കമ്പനികൾ ഭൂനികുതി ഒടുക്കു വരുത്തുന്നതായും കണ്ടെത്തി റിപ്പോർട്ടു ചെയ്തിരുന്നു.ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽ നിന്നും അനധികൃതമായി ഭൂമി നേടിയവരായ റിയാ റിസോർട്സ് & പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് (തെന്മല), ബോയിസ് എസ്റ്റേറ്റ് (പാരിസൺ കമ്പനി), ചെറുവള്ളി എസ്റ്റേറ്റ് (ഗോസ്പൽ ഫോർ ഏഷ്യ), അമ്പനാട് എസ്റ്റേറ്റ് (ട്രാവൻകൂർ റബ്ബർ & റ്റീ കമ്പനി), മറ്റ് കയ്യേറ്റക്കാർ എന്നിവരിൽ നിന്നും സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി 1957 ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുന്നില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് ബഹു.ഹൈക്കോടതിയിൽ WP(C) 14251/2012, WP(C) 213/2013 എന്ന് റിട്ട് ഹർജികൾ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത ഹർജികൾ തീർപ്പാക്കിക്കൊണ്ട് 28.2.2013 ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ,1963 ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം താലൂക്ക് ലാൻഡ് ബോർഡുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൈവശ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കലല്ലെന്ന് നിരീക്ഷിക്കുകയും, ഹാരിസൺസ് കമ്പനിയും മറ്റുള്ളവരും കൈവശം വയ്ക്കുന്ന ഭൂമി സർക്കാർ ഭൂമിയാണെന്നുള്ള വാദത്തിൽ സർക്കാർ ഉറച്ചു നിൽക്കുകയും ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനായി അധികാരപ്പെട്ട

ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും നിയമാനുസരണം നോട്ടീസ് നൽകി ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കുവാൻ നിശ്ചയിക്കുകയും ചെയ്താൽ അപ്രകാരമുള്ള നിയമാനുസൃതമായ നടപടിയുമായി മുൻപോട്ട് പോകാവുന്നതാണെന്ന് നിർദ്ദേശിക്കയുണ്ടായി. തുടർന്ന് സംസ്ഥാനത്ത് 8 ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ മുതലായവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി ഈ നിയമത്തിലെ സെക്ഷൻ 15 ൽ അനുശാസിക്കുന്ന കളക്ടറുടെ അധികാരങ്ങൾ നൽകി സ്പെഷ്യൽ ഓഫീസറെ 25.4.2013 ലെ ജി.ഒ(എം.എസ്സ്) 161/2013/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി. കമ്പനികൾ ഹാജരാക്കിയ രേഖകൾ ഉടമസ്ഥാവകാശം സ്ഥാപിക്കുവാൻ പര്യാപ്തമല്ലാതിരുന്നതിനാലും രേഖകളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനാലും പാട്ടവ്യവസ്ഥകൾ ലംഘിച്ച് കൈമാറുകയും വിൽക്കുകയും ചെയ്തിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശംവച്ചിരിക്കുന്ന 38,170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് KLC ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺസ് മലയാളം ലിമിറ്റഡു മറ്റു കമ്പനികളും ബഹു.ഹൈക്കോടതിയിൽ നിരവധി റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസുകളിൽ, 11.04.2018-ലെ WP(C)33122/2014 മുതലായ അഞ്ച് റിട്ട് പെറ്റീഷനുകളിൽ, ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ കെ.എൽ.സി ആക്ട് പ്രകാരം നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിച്ച് ഏറ്റെടുക്കുന്നതിന് 'ജ്യൂറിസ്ഡിക്ഷൻ ' ഇല്ല എന്ന്നിരീക്ഷിച്ചുകൊണ്ട് സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി.തർക്ക ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിന് സർക്കാരിനു സിവിൽ

| | | | |
|---|---|---|---|
| | | | കോടതിയെ സമീപിക്കാവുന്നതാണെന്നും വിധിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ബഹു സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തിരുന്നുവെങ്കിലും 17.09.2018-ൽ വിശദമായ വാദം കേൾക്കാതെ തന്നെ അപ്പീലുകൾ തള്ളുകയുണ്ടായി. തുടർന്ന്, ഹാരിസൺസ് മലയാളം ലിമിറ്റഡോ അവരിൽ നിന്നോ അവരുടെ മുൻഗാമികളിൽ നിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റ് വിദേശ കമ്പനികളോ വ്യക്തികളോ കൈവശംവച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിന് വേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിനു ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് 06.06.2019 ൽ സ.ഉ (കൈ)172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽ നിന്നു ഭൂമിനേടിയവരും സമാനമായ മറ്റുകമ്പനികളും കൈവശം വച്ചിരിക്കുന്ന 31,334.62 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത (Title) സ്ഥാപിക്കുന്നതിനായി സിവിൽ കോടതികളിൽ 8 ടൈറ്റിൽ കേസുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. മറ്റുജില്ലകളിലും സമാനമായ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (സി) | തോട്ടം ഭൂമിയുടെ ഉടമസ്ഥത തിരികെ പിടിക്കുന്നതിനായി സിവിൽ കോടതിയെ സമീപിക്കുന്ന കാര്യത്തിൽ നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമോപദേശം എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. WP(c)33122/2014 & Ors കേസുകളിലെ 11.04.2018 ലെ ബഹു. ഹൈക്കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ തർക്കഭൂമിയിൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സർക്കാരിന് സിവിൽ കോടതികളിൽ കേസുകൾ ഫയൽ ചെയ്യാവുന്നതാണെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. പ്രസ്തുത നിയമോപദേശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | അനധികൃതമായി കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമി തിരികെ പിടിച്ച് അർഹതപ്പെട്ട ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | സർക്കാർ ഫയൽ ചെയ്തുവരുന്നസിവിൽ കേസുകളിലെ അന്തിമ വിധിക്കുവിധേയമായി മാത്രമേ തർക്ക ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കാനാകൂ എന്നതിനാൽ സിവിൽ കേസുകളിലെ വിധിക്കുവിധേയമായി മാത്രമേ അത്തരം |

| | | | |
|---|---|---|---|
| | | | ഭൂമിയുടെ പുനരുപയോഗവും വിതരണവും സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

186. Paragraph 143 of the Judgment of the Hon'ble High Court observed thus:

> *"W.P.(C) No.33122 of 2014 is allowed setting aside Exhibits P19 (True copy of Proceedings No.GLR-(LR)-4/2013 dated 28-11-2014 of the 3rd respondent), P20 (True copy of Order dated 01-12-2014 passed by the 3rd respondent) and P21 (True copy of Notice issued by the 3rd respondent to the 1st petitioner Company dated 01-12-2014) issued by the Special Officer under the KLC Act. W.P.(C) No.8437 of 2016 is allowed setting aside Exhibit P6 (True copy of the Notice dated 28-03-2014 issued by the 3rd respondent under Section 12 of the Kerala Land Conservancy Act, 1957) order issued by the Special Officer. W.P.(C) No.10640 of 2015 is allowed setting aside Exhibit P32, P33 and P34 issued by the Special Officer, which are respectively the notice, the order of eviction and notice for vacation from the land. W.P.(C) No.10962 of 2013 and 10320 of 2015 are allowed, setting aside Exhibit P21 impugned in the former and Exhibits P8 and P9 impugned in the latter. W.P.(C) No.11598 of 2015 is allowed setting aside Exhibits P10, P14 and P15."*

187. The aforementioned Exhibits are proceedings and orders passed by the Special Officer, Rajamanikkam.

At Paragraph 144, the Hon'ble High Court observed thus:

> *" Before we leave the matter, we cannot but share and respectfully bow to the anguish expressed by the Constitution Bench in **AIR 1961 SC 1570-Vishan Das** more than half a century back and decry the action of the State which brings forth 'disturbing implications'. **We draw a parallel, in the State having willingly succumbed to public outcry, without looking at the legal implications.** The Government is for the people, of and by them, **but it is not for the masses** alone but exists for each individual. Courage and conviction is lacking when on mere public demand, arbitrary action is perpetrated visiting a citizen with prejudice. A Corporate entity also contributes to the mite of a nation and is*

> *constituted of citizens at its helm and at its foundational conglomeration of labour force and managerial staff. The* ***Welfare State exists for the downtrodden and the marginalised, but cannot act like Robin Hood; which would be a negation of the democratic principles and blatant flouting of rule of law;*** *which in the course of the instant proceedings itself, various Benches of this Court had emphasised time and again, in the judgments inter partes."*

188. The high handed act of the Special Officer was deprecated by the Hon'ble High Court. When the Hon'ble High Court says that the Special Officer has no jurisdiction, it means that he cannot function in the means he functioned. As far as the Review Petition No.510/2018 is concerned, in that case, no orders were passed by the Special Officer. Only a notice was sent and the petitioners did not file any objection and straight away approached the Court. While disposing of the case, the Hon'ble High Court observed thus:

> *"But we make it clear that the Special Officer, cannot find title and* ***if there is a bona fide claim,*** *should desist from further proceeding. We, hence, direct the petitioner-Company to file their objections and produce whatever documents within a period of two months from the date of receipt of a certified copy of this order, and the Special Officer to consider the issue after giving a hearing to the petitioner-Company.* ***We make it clear that the Special officer shall go by the binding precedents. We caution the Special Officer that the hearing shall be only on the question of jurisdiction*** *and if the jurisdiction is found under the Kerala Land Conservancy Act, then further proceedings shall be kept in abeyance for a period of one month from that date."*

189. The Hon'ble High Court further observed that the Special Officer is bound by the precedents set out in the reported judgment. Therefore, the Review Petition is only to give the parties a chance to reiterate rival contentions.

This is only because, in the matter no objection was filed by M/s.Harrisons Malayalam Limited and when the notice itself was issued, they straight away come to the Hon'ble High Court.

190. So far as Administrative Department's suggestion for filing civil suit is concerned there could be no objection. But Collectors are neither conversant with law on the point nor are they technically qualified to draft plaints. For any legal matter, under Rule 59 of Rules of Business, envisages thus:

> *"59(1). All Administrative Departments shall consult the Law Department on:*
> *(a) the construction of the statutes, acts, regulations and statutory rules, orders and notifications'*
> *(b) any general legal principles arising out of any case; and*
> *(c) the institution or withdrawal of any prosecution at the instance of any administrative department."*

191. Under Rule 59 (2) every such reference shall be accompanied by an accurate statement of facts of the case and the point or points on which the advice of the Law Department is desired. Only after that the Law Department examines and even advice on the nature of the suit to be filed and the contentions to be taken could Administrative Department proceed.

192. Under Rule 256 of the Kerala Secretariat Office Manual,

> *"256. Conduct of cases in Courts Subordinate to High Courts.--*
> *(1) The Suit Section of the Law Department shall be consulted by the Administrative Department regarding the feasibility or otherwise of filing suits, civil appeals or other civil proceedings on behalf of Government or defending such suits, appeals, etc., against the Government in courts subordinate to the High Court."*

No.10/LS/2019/Law
No.69231/A1/14/Rev.

Office of the Law Secretary,
Dated:29/01/2019

193. It is reiterated that Hon'ble High court in **Premnath Khanna v. Narindranath Kapoor and others** (AIR 2016 SC 1433) held that neither mutation nor acceptance of land tax is an incident of title and by paying land tax, no one will get title. Mutation and payment of tax are not evidence of title. Therefore, whether we accept tax without protest does not make any difference.

194. In the light of the law cited above, the following orders can be passed.

1) ഹാരിസൺ മലയാളം കമ്പനിയ്ക്കും മറ്റ് കമ്പനികൾക്കും എതിരെ സിവിൽ കേസ്സുകൾ ഫയൽ ചെയ്യാൻ Business Rule 59 പ്രകാരവും സെക്രട്ടേറിയറ്റ് മാന്വൽ Rule 256 പ്രകാരവും റവന്യൂ വകുപ്പ് നടപടി എടുക്കുക.

2) Kerala Land Tax Act പ്രകാരം ഹാരിസൺ മലയാളം കേസ്സുകളുടേയും മറ്റ് അനുബന്ധ കേസ്സുകളുടേയും വിധിയുടെ അടിസ്ഥാനത്തിൽ എസ്റ്റേറ്റ് ഉടമകളിൽനിന്നും വില്ലേജ് ഓഫീസർക്ക് കരം സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നു.

3) കരം സ്വീകരിക്കുന്നതുകൊണ്ട് മാത്രം സർക്കാർ എസ്റ്റേറ്റ് ഉടമകളുടെ ഉടമസ്ഥാവകാശം അംഗീകരിക്കുന്നില്ല. കരം സ്വീകരിക്കുന്നത് അത് ഫയൽ ചെയ്യാൻ ഉദ്ദേശിക്കുന്ന സിവിൽ കേസ്സുകൾക്ക് വിധേയമായിരിക്കുന്നതുമാണ്.

4) എസ്റ്റേറ്റ് ഉടമകളെ പ്രായംചെന്ന റബ്ബർ മരങ്ങൾ മുറിക്കാനും പുതിയവ നടാനും അനുമതി നൽകുന്നു.

B.G.HARINDRANATH
*Law Secretary*

C.S.

195. Please put up the revised cabinet note.

30/1/19
Chief Secretary

AES Rev.